റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

237(T 1306) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി; ഇതിന്റെനിർമ്മാണത്തിനായി എത്രകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) ഇതിൽ ഏന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളത്; പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഏതൊക്കെ ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുന്നത് ;

(ഡി) ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് സിവിൽ സ്റ്റേഷൻ എന്ന് ഉദ്ഘാടനം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഉദ്ഘാടനം നടത്താൻ സാധിക്കുന്നതാണ്.

ഗ്രാമീണ റോഡുകളുടെ നവീകരണം

238(1307) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-2016-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-16-ൽ ഭരണാനുമതി നൽകിയ 151 ലക്ഷം രൂപയുടെ പത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

ചെമ്പിളാവ് പാലം നിർമ്മാണം

239(1308) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പിളാവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം വ്യക്തമാക്കാമോ; ഇവ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാനുണ്ടോ; സ്ഥലമേറ്റെടുത്തവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇനി ആർക്കൊക്കെയാണ് നഷ്ടപരിഹാരം വിതരണം ചെയ്യുവാനുള്ളത് എന്ന് അറിയിക്കാമോ ;

(സി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കേസ്സുകൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ ആരുടെ കേസ്സാണ് എന്നറിയിക്കാമോ;

(ഡി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ടോ; ഇവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) ചെമ്പിളാവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി 16-5-2015-ൽ പൂർത്തീകരിച്ച് 4-7-2015-ൽ പാലം ഉദ്ഘാടനം ചെയ്തു.

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇല്ല.

(ഡി) ഉപരിതലം ഫിനിഷ് ചെയ്യാതെ അപ്രോച്ച് റോഡ് എംബാങ്ക്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടാറിംഗിന്റെ പണിയ്ക്ക് ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly